

വയസ്സ്

ജനന തീയതി

പേര്

വിലാസം

അദ്ധ്യാപകന്റെ പേര് :

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

## പാഠം 1: അബ്രഹാമിനെ ദൈവം വിളിക്കുന്നു

**നിർദ്ദേശിക്കപ്പെട്ട തുടർ വായന ഭാഗം:** യോശുവ 24:2,3; എബ്രായർ 11:8-10.



വായന ഭാഗം
ഉല്പത്തി 11:27-32
12:1-9



താക്കോൽ വാക്യം
അപ്പൊ. പ്രവൃത്തി 7:2-4

**A6**

ആയിരകണക്കിന് വർഷങ്ങൾക്ക് മുൻപാണ് അബ്രഹാം ജീവിച്ചിരുന്നതെങ്കിലും നൂറ്റാണ്ടുകളായി വിശ്വാസികൾക്ക് അവന്റെ ദൈവത്തിലുള്ള ആശ്രയം മാതൃകയായി നിലനിൽക്കുന്നു. തന്നെക്കുറിച്ച് ആദ്യമായി നാം ബൈബിളിൽ വായിക്കുമ്പോൾ താൻ അറിയപ്പെട്ടിരുന്നത് അബ്രാം എന്നാണ്.

**ചോദ്യം:** അബ്രഹാമിന്റെ കുടുംബത്തിൽപ്പെട്ട താഴെ പറയുന്നവരുടെ പേരെഴുതുക.

പിതാവ് ______ ഭാര്യ ______ സഹോദര പുത്രൻ ______ /3

അബ്രഹാമും കുടുംബവും താമസിച്ചിരുന്നത് മെസപ്പൊട്ടാമിയയിലാണ്.

**ചോദ്യം:** ഭൂപടത്തിൽ അടയാളപ്പെടുത്തുക.

1. അവർ വിട്ടുപോയ ദേശം.
2. എത്തിച്ചേർന്ന തായ പട്ടണം.
3. അവർ പോയ്ക്കൊണ്ടിരുന്നതായ രാജ്യം.




/3

അക്കാലത്ത് യാത്ര എന്നത് അത്ര എളുപ്പമുള്ള ഒന്ന് ആയിരുന്നില്ല. നൂറുകണക്കിന് മൈലുകൾ സഞ്ചരിക്കുക എന്നത് വലിയൊരു ദൗത്യം തന്നെയായിരുന്നു. അനേകം ആളുകൾ, ദാസന്മാർ, ഇടയന്മാർ, കന്നുകാലികൾ എന്നിവയെല്ലാം ഉൾപ്പെട്ടിരുന്ന ഒരു യാത്രയായിരുന്നു അത്. തങ്ങൾ ചെയ്യാൻ പോകുന്ന കാര്യം ശരിയാണെന്ന് ഉറപ്പുവരുത്താതെ ആരുംതന്നെ ഇങ്ങനെ ഒരു യാത്രയ്ക്ക് തുനിയുകയില്ലായിരുന്നു.

**ചോദ്യം:** അബ്രഹാമിന് പ്രത്യക്ഷപ്പെട്ടതാർ? (താക്കോൽ വാക്യം നോക്കുക)

______

**ചോദ്യം:** എന്താണ് അവൻ അബ്രഹാമിനോട് പറഞ്ഞത്? (ഉല്പത്തി 12:1)

______

**ചോദ്യം:** ഏത് കാരണത്താലാണ് അബ്രഹാം പോയത്? (എബ്രായർ 11:8)

______ /3

LEVEL - 4

14 മുതൽ 16 വയസ്സുവരെ

GOSPEL FOR CHILDREN

അബ്രഹാം പൂർണ്ണ അനുസരണമുള്ളവനായിരുന്നു എന്ന് പറയുവാൻ കഴിയുകയില്ല. തന്റെ പിതൃസ്വത്തുക്കൾ ഉപേക്ഷിച്ചിട്ട് പോകുന്നതിന് പകരമായി അവയിൽ മിക്കതും താൻ എടുത്തതായി നാം കാണുന്നു. ദൈവം തന്നോട് പറഞ്ഞ സ്ഥലത്തേക്ക് നേരെ പോകാതെ തന്റെ പിതാവ് മരിക്കുന്നിടംവരെ അവൻ ഹാരാനിൽ പാർപ്പാനിടയായി. നമ്മിൽ നിന്ന് ഭൗതികമായ അനുസരണമല്ല ദൈവം പ്രതീക്ഷിക്കുന്നത്. അവൻ പറയുന്നതെന്തോ അത് നാം ചെയ്യണം. അവൻ അയയ്ക്കുന്നതെവിടെയോ അവിടേയ്ക്ക് നാം പോകണം. ദൈവവചനം അനുസരിക്കാത്ത വിശ്വാസികൾക്ക് ദൈവം അവർക്ക് ലഭിക്കുവാനുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കഴിയുകയില്ല. അബ്രഹാമിനോട് ദൈവം ചെയ്ത വാഗ്ദത്തങ്ങൾ നിമിത്തവും ദൈവകല്പന അനുസരിക്കുവാൻ അബ്രഹാമിന് പ്രോത്സാഹനം നൽകുകയായിരുന്നു. അനേകപ്രാവശ്യം ദൈവം അബ്രഹാമിനോട് ഞാൻ ചെയ്യാം എന്ന് പറഞ്ഞ ഭാഗങ്ങൾ ശ്രദ്ധിക്കുക.




**ചോദ്യം:** ദൈവം ചെയ്യണം എന്ന് പറഞ്ഞ 5 കാര്യങ്ങൾ എഴുതുക (12:2-3)

/5

തനിക്ക് പോകേണ്ടുന്നതായ വഴി അബ്രഹാമിന് അറിഞ്ഞുകൂടായിരുന്നു (എബ്രായർ 11:8 നോക്കുക). എന്നാൽ താൻ മാർഗ്ഗനിർദ്ദേശത്തിനായി ദൈവത്തിൽ ആശ്രയിച്ചു. തന്റെ ദീർഘയാത്രയുടെ എല്ലാ വിശദാംശങ്ങളും നമുക്കറിഞ്ഞുകൂടാ. എന്നാൽ ഒടുവിലായി അബ്രഹാമും കുടുംബവും കനാനിൽ എത്തിയെന്ന് നമുക്കറിയാം.

**ചോദ്യം:** അബ്രഹാമിനൊപ്പം കനാനിലേക്ക് പോയവരുടെ പട്ടിക തയ്യാറാക്കുക.

/3

നേരത്തെതന്നെ കനാനിൽ താമസക്കാരുണ്ടായിരുന്നതുകൊണ്ട് കനാനിൽ എത്തിച്ചേർന്ന അബ്രഹാം ഒരുപക്ഷേ നിരാശപ്പെട്ടുപോയേനെ. എന്നാൽ ദൈവം അവന് നൽകിയിരുന്ന വാഗ്ദാനം തനിക്ക് വലിയ പ്രോത്സാഹനമായിരുന്നു (വാക്യം 7 കാണുക).

**ചോദ്യം:** ദൈവത്തിൽ നിന്നുള്ള ഈ പുതിയ വാഗ്ദത്തോട് അബ്രഹാം എങ്ങനെയാണ് പ്രതികരിച്ചത്?

/2

അബ്രഹാമിന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളുടെയും കാരണം അവൻ ദൈവത്തെ കണ്ടെത്തിയതും ദൈവം അവനെ വിളിച്ചതുമാണ്.

**ചോദ്യം:** താക്കോൽ വാക്യത്തിൽ നിന്നും അബ്രഹാമിന് ദൈവം കൊടുത്ത യഥാർത്ഥ നിർദ്ദേശം എന്തായിരുന്നു എന്നെഴുതുക.

/1

അബ്രഹാമിനെ ദൈവം വിളിച്ചതുപോലെ നമ്മെ വിളിക്കുമ്പോൾ അവനിൽ ആശ്രയിക്കുവാനും പിൻതുടരുവാനും അനുസരിക്കുവാനും നമുക്ക് കഴിയണം. മറ്റൊരർത്ഥത്തിൽ നാം നമ്മുടെ ജീവിതങ്ങളെ അവന്റെ കരങ്ങളിൽ സമർപ്പിക്കണം.

**ആകെ**

# ബൈബിൾ ടൈം A6

പേര്

## പാഠം 2 : അബ്രഹാമിന്റെ തെരഞ്ഞെടുപ്പ്

**നിർദ്ദേശിക്കപ്പെട്ട തുടർ വായനഭാഗം:** മത്തായി 6:33; മർക്കോസ് 8:36



വായന ഭാഗം
ഉല്പത്തി. 13:1-18; 14:1-16



താക്കോൽ വാക്യം
യോശുവ 24:15

നമുക്ക് പലപ്പോഴും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടി വരാറുണ്ട്. അതായത്, പഠിക്കുവാനുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുക, ഏത് തൊഴിൽ മേഖലയാണ് ലക്ഷ്യമിടുന്നത്, ഏത് കായിക വിനോദത്തിൽ ഏർപ്പെടണം, ഏത് വിധത്തിലുള്ള സുഹൃത്തുക്കൾ മുതലായവ. ദൈവികമായ കാര്യങ്ങളിലും നാം തെരഞ്ഞെടുപ്പ് നടത്താറുണ്ട്-കർത്താവിനെത്തന്നെ പിന്തുടരണമോ അതോ നമ്മുടെ സ്വന്തം വഴിയിൽ പോകണമോ. ജീവിതത്തിൽ എങ്ങനെ ശരിയായത് തെരഞ്ഞെടുക്കാം എന്നുള്ളതാണ് ഈ പാഠത്തിലൂടെ നാം പഠിക്കാൻ പോകുന്നത്.

**ചോദ്യം:** ഉല്പത്തി 13:1-4 വരെയുള്ള വേദഭാഗങ്ങൾ വായിച്ച് പദപ്രശ്നം പൂർത്തിയാക്കുക; ഈ പഠനത്തിനുള്ള പശ്ചാത്തലം കണ്ടുപിടിക്കുക.

വലത്തോട്ട്

1. മിസ്രയീമിലെ രാജാവിന്റെ പേര്? (ഉല്പത്തി 12:20)
2. എവിടെ നിന്നാണ് അബ്രാം വന്നത്? (ഉല്പത്തി 12:10)
3. അബ്രാമും എന്താണ് പണിതത്?
4. അബ്രാമിനോട് കൂടെ ആരായിരുന്നു?
5. എവിടെയാണ് അബ്രാം പാർത്തത്?
6. അബ്രാം വന്നപ്പോൾ കൊണ്ടുവന്ന ഒരു വസ്തുവിന്റെ പേര്?

താഴോട്ട്

1. അബ്രാം കനാനിലാകുവാൻ കാരണം ദൈവം അവനെ-
2. എങ്ങോട്ടാണ് അബ്രാം വന്നത്.



/4

**ചോദ്യം:** അബ്രാമും ലോത്തും തമ്മിൽ വേർപിരിയുവാനുള്ള കാരണം നിങ്ങളുടെ സ്വന്തം വാചകത്തിൽ വിവരിക്കുക.

/2

ഒന്നാമതായി തീരുമാനം എടുക്കുവാനുള്ള അവസരം അബ്രഹാം ലോത്തിനു നൽകി.

**ചോദ്യം:** ലോത്തിനോടുള്ള അബ്രഹാമിന്റെ നിർദ്ദേശം എഴുതുക.

/1

**ചോദ്യം:** ലോത്ത് തിരഞ്ഞെടുത്ത സ്ഥലത്തെപ്പറ്റി വിവരിക്കുന്നതായ ശരിയായ വാക്കുകൾക്കടിയിൽ വരയ്ക്കുക.

നീരൊഴുക്കുള്ളത്/ പടിഞ്ഞാറ്/ യോർദ്ദാൻ സമതലം/ മരുഭൂമി/ കിഴക്ക്/ യെരിഹോവിന് സമീപം/ നൈൽ നദീതടം/ സോദോമിനും ഗോമോറെയ്ക്കും സമീപം.

/2

തന്റെ തിരഞ്ഞെടുപ്പ് കാര്യത്തിൽ ലോത്തിന് മൂന്നു തെറ്റുകൾ സംഭവിച്ചു.

1. എവിടേയ്ക്ക് പോകണമെന്ന് ദൈവത്തോട് ആലോചന ചോദിച്ചില്ല.
2. ലോത്ത് തനിക്ക് പിതൃതുല്യനായ അബ്രാമിനെ തിരഞ്ഞെടുക്കുവാനുള്ള ആദ്യ അവസരം നൽകിയില്ല. തന്നേക്കാൾ പ്രായത്തിൽ മുതിർന്നവനും തനിക്കായി അനേക നല്ല കാര്യങ്ങൾ ചെയ്തവൻ എന്ന നിലയിൽ അങ്ങനെ നൽകേണ്ടിയിരുന്നത് മാന്യമായ കാര്യമായിരുന്നു.
3. ഏറെ വഷളന്മാരായ ആളുകൾ വസിക്കുന്ന പട്ടണത്തിനു സമീപം പോയി താമസിക്കുന്നതിനെടുത്ത തീരുമാനം.

നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോഴൊക്കെത്തന്നെ ദൈവം അതിനെക്കുറിച്ച് എന്ത് പറയുന്നു എന്ന് നാം ദൈവത്തോട് തീർച്ചയായും എപ്പോഴും ചോദിക്കണം. പാപം ചെയ്യുവാനുള്ള പ്രലോഭിപ്പിക്കുന്ന യാതൊരു തീരുമാനങ്ങളും നാമെടുക്കുവാൻ പാടില്ല.

അബ്രഹാം കനാനിൽ പാർത്തു.

**ചോദ്യം:** ലോത്ത് പോയതിനുശേഷം അബ്രഹാമിനോട് ദൈവം മറ്റൊരു വാഗ്ദാനം ദേശത്തെ പ്പറ്റി നടത്തി. എന്താണെന്ന് എഴുതുക?

/1

അബ്രാം അനുസരണമുള്ളവനാകകൊണ്ട് തന്റെ പിൻഗാമികളെക്കുറിച്ച് കൂടുതൽ വാഗ്ദാനങ്ങൾ ദൈവം നൽകി.

**ചോദ്യം:** താഴെ പറയുന്നവ ശരിയോ തെറ്റോ എന്നെഴുതുക.

ലോത്ത് കിഴക്കോട്ട് പോയി എന്നാൽ അബ്രാമിന്റെ ദേശം പടിഞ്ഞാറായിരുന്നു.

അബ്രാമിന്റെ മക്കൾ വനത്തിലെ വൃക്ഷങ്ങൾ പോലെയായിത്തീരും.

ദേശത്ത് തനിക്ക് ഇഷ്ടമുള്ളയിടത്തൊക്കെയും അബ്രാമിന് പോകാമായിരുന്നു.

ദൈവം അബ്രാമിന് ഈ ദേശം മുഴുവനും നൽകും.

ദൈവീക വാഗ്ദാനങ്ങളിൽ അബ്രാം സന്തുഷ്ടനായിരുന്നു.

/4

**ചോദ്യം:** ദൈവത്തിന് നന്ദി കരേറ്റുവാനായി അബ്രാം ചെയ്തത് എന്താണ്?

/1

ദൈവത്തിൽ നിന്നും അബ്രാമിന് അനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ടിരുന്നപ്പോൾ ലോത്ത് ഒരു യുദ്ധത്തിൽ ചെന്നുപെട്ടു. (14:1-2).

**ചോദ്യം:** ശരിയായ സംഖ്യകൾക്കു നേരെ വരയിടുക.

| | | | |
|---|---|---|---|
| 5 | | 4 | |
| 4 | രാജാക്കന്മാർ | 7 | രാജാക്കന്മാർക്കെതിരെ യുദ്ധം ചെയ്തു. |
| 3 | | 5 | |

/1

വഷളത്വം നിറഞ്ഞ സോദോം പട്ടണത്തിലേക്ക് ലോത്ത് ഇപ്പോൾ ഇറങ്ങിപ്പോയതായി കാണുന്നു.

**ചോദ്യം:** യുദ്ധത്തിൽ തനിക്ക് എന്തു സംഭവിച്ചു എന്ന് ഒറ്റ വാചകത്തിൽ വിശദീകരിക്കുക (14:12).

/1

**ചോദ്യം:** എത്ര പുരുഷന്മാരെയാണ് അബ്രാം കൂടെ കൊണ്ടുപോയത്? എപ്പോഴാണ് അവർ ആക്രമിച്ചത്?

/2

അങ്ങനെ ലോത്തിനെയും തനിക്കുള്ള സമ്മാനങ്ങളെയും അബ്രാം രക്ഷിച്ചു. ലോത്തിന്റെ തെരഞ്ഞെടുപ്പ് ശരിയായിരുന്നില്ല എന്നു മാത്രമല്ല അവൻ തെറ്റായ വഴികളിൽ പോകുകയും ചെയ്തു. അബ്രാം കാണിച്ച ധൈര്യമാണ് അവന് സ്വാതന്ത്ര്യം തിരികെ കിട്ടുവാൻ ഇടയായത്. ഭവനത്തിലും, ജോലിസ്ഥലത്തും സ്കൂളിലും കൂട്ടുകാരോടൊത്തും തെറ്റായ തീരുമാനങ്ങൾ എടുക്കുവാൻ എത്ര എളുപ്പമാണ്? താക്കോൽ വാക്യത്തിൽ യോശുവ എടുത്തതുപോലെ ഉള്ള തീരുമാനമെടുക്കുവാൻ നിങ്ങൾക്ക് ഒരുക്കമുണ്ടോ?

ചോദ്യം: താക്കോൽ വാക്യം കണ്ടുപിടിച്ച് യോശുവയുടെ തെരഞ്ഞെടുപ്പ് എഴുതുക.

/1

**ആകെ**

# ബൈബിൾ ടൈം A6

പേര്



വായന ഭാഗം
ഉല്പത്തി. 15:1-7;
17:1-19; 18:1-15



താക്കോൽ വാക്യം
ഉല്പത്തി 18:14

## പാഠം 3 : അബ്രഹാമിന്റെ ഉറപ്പ്

**നിർദ്ദേശിക്കപ്പെട്ട തുടർ വായനഭാഗം**: റോമർ 4:16-22; എബ്രായർ 11:11,12.



മറ്റുള്ളവർ നിങ്ങളോട് പറയുന്നതെല്ലാം നിങ്ങൾ വിശ്വസിക്കുമോ? വിശ്വസിച്ചാലും ഇല്ലെങ്കിലും പറയുന്ന വ്യക്തിയെ ആശ്രയിച്ചായിരിക്കും അത്. ദൈവം പറഞ്ഞതെല്ലാം സംഭവിക്കുമെന്ന് അബ്രാം പഠിക്കുകയായിരുന്നു.

അബ്രാമിന് ഒരു പ്രശ്നമുണ്ടായിരുന്നു. അബ്രാമിന് ദൈവം ഒരു കുടുംബത്തെ വാഗ്ദാനം ചെയ്തിരുന്നെങ്കിലും അവന് മക്കളില്ലായിരുന്നു.

**ചോദ്യം:** വളരെ ശ്രദ്ധയോടെ ഉല്പത്തി 15:1-7 വരെ വായിച്ചതിന് ശേഷം അബ്രാമിനോട് ദൈവം പറഞ്ഞതായ കാര്യങ്ങൾ നിങ്ങളുടെ സ്വന്ത വാക്കുകൾ കൊണ്ട് പൂരിപ്പിക്കുക.

യഹോവയുടെ......................അബ്രാമിന് ഉണ്ടായി (വാക്യങ്ങൾ 1 & 4). നിന്റെ ഉദരത്തിൽ നിന്ന് പുറപ്പെടുന്നവൻ തന്നെ നിന്റെ ...................... ആകും (വാക്യം 4). നീ ...................... ലേക്ക് നോക്കുക ...................... എണ്ണുക. നിന്റെ...................... ഇങ്ങനെയാകും(വാക്യം 5). അബ്രാം യഹോവയിൽ ...................... അത് അവന് നീതിയായി കണക്കിട്ടു (വാക്യം 6). കൽദയ പട്ടണമായ ഊരിൽ നിന്ന് നിന്നെ ...................... യഹോവ ഞാനാകുന്നു എന്ന് അരുളിച്ചെയ്തു (വാക്യം 7). ☐/4

**ചോദ്യം:** ബൈബിളിലെ പേരുകളും സ്ഥാനപ്പേരുകളും വളരെ പ്രധാനപ്പെട്ടതാണ്. ഉല്പത്തി 17:1-19 വരെ വായിച്ചതിന് ശേഷം ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

യഹോവ തനിക്കുതന്നെ കൊടുത്തിരുന്ന വിശേഷണം എന്തായിരുന്നു? ☐

അബ്രാമിന്റെ പുതിയ പേരെന്ത്? ☐

എന്തുകൊണ്ടാണ് അവന് പുതിയ പേര് നൽകപെട്ടത്? ☐

അബ്രാമിന്റെ ഭാര്യയുടെ പുതിയ പേര് എന്തായിരുന്നു. ☐

(അവളുടെ പേരിന്റെ അർത്ഥം രാജകുമാരി എന്നായിരുന്നു, കാരണം അവൾ അനേകം ദേശങ്ങൾക്കും രാജാക്കന്മാർക്കും മാതാവാകേണ്ടിയവൾ ആയിരുന്നു)

അബ്രാമിന്റെ മകന്റെ പേര് എന്തായിരിക്കണം. ☐ ☐/5

ഇത് അബ്രഹാമിന് ഒരു ഉജ്ജ്വല വാഗ്ദാനമായിരുന്നു! എത്രയോ ആശ്ചര്യജനകമായ വാർത്ത!

**ചോദ്യം:** എന്താണ് അബ്രഹാം ചെയ്തത് (17:17 നോക്കുക).

☐ ☐/1

**ചോദ്യം:** അബ്രഹാം തന്നെക്കുറിച്ച് എന്താണ് പറഞ്ഞത്?

☐ ☐/1

പ്രത്യേകമായ ഒരു വെളിപ്പാട് ദൈവം തന്നെപ്പറ്റി ഇപ്പോൾ അബ്രഹാമിന് നൽകി. യഥാർത്ഥ മായി ദൈവം അവനെ സന്ദർശിച്ചു!

**ചോദ്യം:** ഉല്പത്തി 18:1-15 വരെ വായിച്ച് വിട്ടുപോയ ഭാഗങ്ങൾക്ക് ഉത്തരമെഴുതുകയും കള ത്തിൽ നിന്ന് അവ കണ്ടെത്തി വൃത്തം നൽകുകയും ചെയ്യുക.

ദിവസത്തിൽ ................................അവൻ കൂടാരവാതിലിനു

.................പുരുഷന്മാർ തന്റെ നേരെ നിൽക്കുന്നതു കണ്ടു.

കൂടാരവാതിൽക്കൽ നിന്നും അവരെ................ഓടി ചെന്നു

സാറയോട് ................................ ഉണ്ടാക്കുക എന്ന് പറഞ്ഞു.

അബ്രഹാം ഒരു...............................................പാകം ചെയ്തു.

അബ്രഹാം അവർക്ക് കുടിക്കുവാൻ....................കൊടുത്തു.

അബ്രഹാം അവരുടെ അടുക്കൽ.................................കീഴിൽ ശുശ്രൂഷിച്ചു നിന്നു.

സാറ...................................ആയിരുന്നു.

| | | | | | | |
|---|---|---|---|---|---|---|
| വെ | യി | ലു | റ | ച്ച | പ്പോ | ൾ |
| പാ | കാ | ച | മൂ | ധ | വ്യ | യ |
| ൽ | ള | ത | ന്ന് | മ | ക്ഷ | ഷ |
| ത | ന | കൂ | ടാ | ര | ത്തി | ൽ |
| അ | എ | തി | രേ | ല്പാ | ൻ | മ |
| പ്പം | ട | സ | ര | ക | ജ | ണ |

☐ /4

ഇതിൽ ഒരു സന്ദർശകൻ കർത്താവായിരുന്നു. അൽപസമയത്തേക്ക് കർത്താവ് ഭൂമിയിലേക്ക് ഇറങ്ങിവന്നതിൽ ആ കാലത്തെ അത്ഭുതസമയങ്ങളിൽ ഒന്നായിരുന്നു അത്.



**ചോദ്യം:** അവൻ പറഞ്ഞതായ നമുക്ക് അറിയാവുന്ന ആദ്യത്തെ വാക്കുകൾ എന്താണ്? (10-ാം വാക്യം നോക്കുക)

______________________________________________

☐ /2

**ചോദ്യം:** ഈ കാര്യത്തോട് സാറ ഏത് നിലയിലാണ് പ്രതികരിച്ചത്?

______________________________________________

☐ /2

**ചോദ്യം:** ദൈവത്തിന് അസാദ്ധ്യമായതൊന്നുമില്ല എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഭാഗം താക്കോൽ വാക്യത്തിൽ നിന്നും എടുത്തെഴുതുക.

______________________________________________

☐ /1

ദൈവത്തിൽ ആശ്രയിക്കുന്നതിന് നാം ഭയപ്പെടേണ്ടതില്ല. ഒന്നാമതായി നമ്മുടെ പാപത്തിൽ നിന്നുള്ള രക്ഷയുടെ കാര്യത്തിൽ. മറ്റൊന്ന് അവന്റെ മക്കൾ എന്ന നിലയിൽ നമ്മുടെ അനുദിന ജീവിത ആവശ്യങ്ങൾക്കായി.

**ആകെ** ☐

# ബൈബിൾ ടൈം A6

പേര്

## പാഠം 4 : അബ്രഹാമിന്റെ മുമ്പിലെ വെല്ലുവിളി

**നിർദ്ദേശിക്കപ്പെട്ട തുടർ വായനഭാഗം:** റോമർ 8:32; യാക്കോബ് 2:20–24



വായന ഭാഗം
ഉല്പത്തി. 22:1–19



താക്കോൽ വാക്യം
എബ്രായർ 11:17–19

അബ്രഹാം തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പരീക്ഷ അഭിമുഖീകരിക്കുകയാണ്. യിസഹാക്കിന്റെ ജനനത്തിനായി തനിക്ക് വളരെ കാത്തിരിക്കേണ്ടതായി വന്നു. എങ്കിലും പരീക്ഷയുടെ കേന്ദ്രവിഷയമായി ഇപ്പോൾ തന്റെ മകൻ തീർന്നിരിക്കുന്നു.

**ചോദ്യം:** അബ്രഹാം ചെയ്യണമെന്ന് ദൈവം ആഗ്രഹിച്ച കാര്യം കണ്ടെത്തുവാൻ വിട്ടുപോയ വാക്കുകൾ എഴുതുക.

നിന്റെ ............നെ, നീ സ്നേഹിക്കുന്ന നിന്റെ
ഏകജാതനായ...............നെത്തന്നെ കൂട്ടിക്കൊണ്ട്............ദേശത്ത്
ചെന്ന്, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു ................
അവനെ ................ കഴിക്ക എന്ന് അരുളിച്ചെയ്തു.

/3

സത്യദൈവത്തെ അറിയാത്ത പ്രാകൃത ജനങ്ങൾക്കിടയിൽ ശിശുബലി ഒരു സാധാരണ കാര്യമായിരുന്നു. ഇങ്ങനെയുള്ള ഒരു കാര്യം ചെയ്യുവാനായി ദൈവം ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണെന്ന് അബ്രഹാമിന് ഒരുപക്ഷേ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടായിക്കാണും. മാത്രമല്ല യിസഹാക്കിനെ യാഗം കഴിച്ചാൽ ദൈവത്തിന്റെ വാഗ്ദാനം എങ്ങനെ യാഥാർത്ഥ്യമായി ത്തീരും!

**ചോദ്യം:** താഴെ പറയുന്ന സംഭവങ്ങൾ ക്രമത്തിലാക്കുവാൻ കൊടുത്തിരിക്കുന്ന കളങ്ങളിൽ 1–5 വരെയുള്ള സംഖ്യകൾ എഴുതുക.

- [ ] ദൈവം തന്നോട് കല്പിച്ച സ്ഥലത്തേക്ക് പോയി.
- [ ] മൂന്നാം ദിവസം അബ്രഹാം നോക്കി ദൂരത്തുനിന്ന് ആ സ്ഥലം കണ്ടു.
- [ ] അബ്രഹാം തന്റെ കഴുതയ്ക്ക് കോപ്പിട്ടു.
- [ ] ഹോമയാഗത്തിന് ആവശ്യമായ വിറക് കീറി.
- [ ] ബാല്യക്കാരിൽ രണ്ടുപേരെയും യിസഹാക്കിനെയും കൂട്ടി.

/5

**പദപ്രശ്നം പൂരിപ്പിക്കുക:**

1. ഞാനും ബാലനും ചെന്ന് ............................ കഴിച്ചിട്ട് മടങ്ങിവരാം എന്ന് പറഞ്ഞു.
2. ഹോമയാഗത്തിന് ............. എവിടെയെന്ന് യിസഹാക്ക് ചോദിച്ചു.
3. അവർ ഇരുവരും ദൈവം കല്പിച്ചിരുന്ന ...................... എത്തി.
4. ദൈവം ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ .............................
5. അബ്രഹാം .................എടുത്ത് യിസഹാക്കിന്റെ ചുമലിൽ വെച്ചു.
6. അബ്രഹാം ഒരു ........................പണിതു.
7. അബ്രഹാമും ..........................എടുത്തു.
8. ................................നെ കെട്ടി യാഗപീഠത്തിന്മേൽ കിടത്തി.
9. മകനെ അറുക്കുവാൻ തുടങ്ങിയ ഉടനെ .................അബ്രഹാമിനെ വിളിച്ചു.




/5

LEVEL - 4

14 മുതൽ 16 വയസ്സുവരെ

**ചോദ്യം:** യഹോവയുടെ ദൂതൻ അബ്രഹാമിനോട് പറഞ്ഞതെന്താണെന്ന് എഴുതുക (വാക്യം 12).

/1

തനിക്കുള്ളതെല്ലാം തന്നെ ദൈവത്തിന് നൽകുവാൻ അബ്രഹാം ഒരുക്കമുള്ളവനായിരുന്നു. തന്റെ സ്വന്തം മകനെപ്പോലും നൽകുവാൻ തക്കവണ്ണം ദൈവത്തോടുള്ള തന്റെ സ്നേഹം അത്രമാത്രമായിരുന്നു.

**ചോദ്യം:** യിസഹാക്കിന് പകരമായി എന്താണ് അബ്രഹാം യാഗം കഴിച്ചത്?

/1

**ചോദ്യം:** അബ്രഹാം എന്ത് വിശ്വസിച്ചു (എബ്രായർ 11:19).

/2

**ചോദ്യം:** ആ സ്ഥലത്തെ അവൻ എന്ത് വിളിച്ചു.

/1

ദൈവത്തിന്റെ ദൂതൻ അബ്രഹാമിനോട് രണ്ടാം പ്രാവശ്യം സംസാരിച്ചപ്പോൾ ദൈവത്തിന്റെ കല്പന അനുസരിച്ചതിന്റെ ഫലമായി ഇപ്പോൾ അധികമായ അനുഗ്രഹം അബ്രഹാമിന് ലഭിക്കുമെന്ന് വ്യക്തമായി.

അബ്രഹാമിന്റെ ജീവിതത്തിലെ ഈ സംഭവങ്ങളൊക്കെ നാം കാണുമ്പോൾ ദൈവം തന്റെ ഏകജാതനായ യേശുകർത്താവിനെ ക്രൂശിൽ മരിക്കുവാൻ വിട്ടുതന്ന സംഭവത്തിന്റെ ഒരു ചിത്രം കാണുവാൻ കഴിയും. എന്നാൽ അവന്റെ സ്ഥാനം ഏറ്റെടുക്കുവാൻ മറ്റാരും ഇല്ലാതിരുന്നതുകൊണ്ട് അവൻ എല്ലാവർക്കുമായി മരിച്ചു.

**ചോദ്യം:** ഈ കാര്യം വിശദമാക്കുന്ന റോമർ 8:32 എടുത്തെഴുതുക.

/2

നിനക്കുവേണ്ടിയുള്ള ദൈവത്തിന്റെ മഹത്തായ യാഗത്തിനു മുമ്പാകെ നീ എന്തു ചെയ്തു?

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

**ആകെ**

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

*For Private Circulation Only*